പതിനാലാം കേരളനിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1341 | 13.07.2016-ൽ മറുപടിക്ക്

**വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് പോലീസ് സംരക്ഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എം. ഷാജി | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്ക് പോലീസ് വകുപ്പിൽ നിന്നുള്ള സഹായം ആവശ്യപ്പെട്ടുള്ള പരാതികൾ അവരുടെ വീട്ടുകളിൽ ചെന്ന് സ്വീകരിച്ച് മേൽ നടപടിയെടുക്കണമെന്ന നിർദ്ദേശം ഇപ്പോഴും നിലവിലുണ്ടോ; ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | മുതിർന്ന പൗരന്മാർക്ക് പോലീസ് വകുപ്പിൽ നിന്നുള്ള സഹായം ആവശ്യപ്പെട്ടുള്ള പരാതികൾ അവരുടെ വീട്ടുകളിൽ ചെന്ന് സ്വീകരിച്ച് മേൽ നടപടിയെടുക്കണമെന്ന നിയമം നിലവിലുണ്ട് (Kerala Maintenance and Welfare of Parents and Senior Citizens Rules 2009). ഇതിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിച്ചിട്ടില്ല. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്ത് നിന്നും സർക്കുലർ നം. 16/2010 തീയതി 11.03.2010 പ്രകാരം നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ സുരക്ഷയ്ക്ക് ഭീഷണിയുണ്ടാവുമ്പോൾ ഫോണിൽ ബന്ധപ്പെട്ടാൽ കൃത്യമായി പ്രതികരിക്കണമെന്ന നിബന്ധന നിലവിലുണ്ടോ; എങ്കിൽ നടപടിക്കുള്ള പരമാവധി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് കർശനമായി നടപ്പാക്കാനുള്ള നിർദ്ദേശം നൽകുമോ എന്ന് വിശദമാക്കുമോ? | (ബി) | നിലവിലുണ്ട്. ഇത്തരം പരാതികൾ ലഭിച്ചാൽ വളരെ വേഗം നടപടികൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

Rajani
സെക്ഷൻ ഓഫീസർ